മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഞാരേയും വെച്ചിട്ടില്ല.

In the matter of appointments I can say only this much—the best men will be appointed.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഈ അമാൽഗമേഷൻതന്നെ വളരെ അനീതികരം വെളിപ്പെടുത്തുന്ന ടെക്സ്റ്റയിൽസ് ഡിപ്പാർട്ടുമെണ്ടിലെ.....

Mr. President: The Hon'ble member will please ask for information and not make insinuation.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഞാൻ തുടസ്ത ചോദിക്കുന്ന അവിടെയുണ്ടായിരുന്ന ആളുകളം തകരാറുകാരാണ്; അതുകൊണ്ട് അവരെ പറഞ്ഞയക്കുവാൻ കണ്ടുപിടിച്ച ഒരു നൂതനവിദ്യയാണ് ഈ അമാൽഗമേഷൻ എന്ന ജനങ്ങളുടെ ഇടയിൽ ഒരു സംസാരമുണ്ട്; അത് വാസ്തവമാണോ?

Mr. K Balakrishna Menon (*Minister for Food and Education*): I regret that I am not in a position to give an answer to that question.—

POOR HOUSES IN C. K. TALUK—ACQUIRING LANDS—INFORMATION REGARDING

76. Mr. P. Mani (*Kanayannur*): Will Government be pleased to state.

(*a*) whether Government has any idea of acquiring sufficient plot for opening poor houses in C. K. Taluk;

(*b*) if so, will Government be pleased to state whether they have fixed the site;

(*c*) if so, will Government be pleased to mention the name of that locality?

Rao Bahadur T. K. Nayar (*Prime Minister*):

(*a*) Yes.

(*b*) Not yet.

(*c*) No answer is required in view of answer to (*b*).

മിസ്റ്റർ പി. മാണി: നിശ്ചയിച്ചിട്ടില്ലെന്ന പറഞ്ഞുവല്ലോ. എവിടെയെങ്കിലും നോക്കിവെച്ചിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: കണയന്നൂർ എന്ന പറയുന്ന സ്ഥലത്ത് ഒരു സ്ഥലം നോക്കിവെച്ചിട്ടുണ്ട്.

മിസ്റ്റർ പി. മാണി: സ്ഥലം ഇപ്പോൾ ഫിക്സ് ചെയ്തിട്ടില്ല അല്ലേ?

റാവുബഹദൂർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: ഇപ്പോൾ കണയന്നൂർ വില്ലേജിൽ ഒരു Poor house ഇല്ലേ?

റാവുബഹദൂർ ടി. കെ. നായർ: ഉണ്ട്. അതിനു സ്ഥിരമായ ഒരു സ്ഥലം ഉണ്ടാക്കുവാനായിട്ടാണ് നോക്കുന്നത്.

മിസ്റ്റർ പി. കെ. ഡീവർ: സ്ഥലം അക്വയർ ചെയ്യുന്നതുവരെ ഇനി വേഗറൻസിനെ പിടിച്ചുകൊണ്ടുപോകയില്ലെന്നാണോ വിചാരിക്കേണ്ടത്?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെ വിചാരിക്കുവാൻ യാതൊരു കാരണവുമില്ല. ഇപ്പോൾ ഒരു സ്ഥലമുണ്ട്. അവിടെ യാചകന്മാരെ കൊണ്ടുപോയി കിടത്തുന്നുണ്ട്. അതിനു സ്ഥിരമായ ഒരു സ്ഥലമുണ്ടാക്കുവാനാണ് ഈ പ്രൊപ്പോസൽ. അതിനുള്ള സ്ഥലമാണ് ഇപ്പോൾ നോക്കുന്നത്.

മിസ്റ്റർ പി. കെ. ഡീവർ: എറണാകുളം പട്ടണത്തിൽ രോഗമുള്ള ആളുകളും രോഗമില്ലാത്ത ആളുകളും രാത്രിയും പകലും അലഞ്ഞു നടക്കുന്നതായി കാണുന്നുണ്ട്. അവരെയൊക്കെ Poor house-ലേക്കു കൊണ്ടുപോകാത്തത് അതിനുള്ള ഉദ്യോഗസ്ഥന്റെ അലസതയാണെന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടത്?

റാവുബഹദൂർ ടി. കെ. നായർ: കൊണ്ടുപോകുന്നില്ലായെന്ന സമ്മതിക്കുവാൻ കുറച്ചു അനേക്ഷണം നടത്തീട്ടവേണം. എല്ലാവരേയും കൊണ്ടുപോയി പാർപ്പിക്കുന്നതിനു സ്ഥലസൌകര്യമില്ലാത്തതുകൊണ്ടു അതൊരു കാരണം ആയേക്കാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനെപ്പറ്റിയും അതിനുള്ള കാരണങ്ങളെപ്പറ്റിയും അനേക്ഷിക്കാം. സ്ഥലം പോരെങ്കിൽ അവിടെത്തന്ന കൂടുതൽ സ്ഥലസൌകര്യം ഉണ്ടാക്കുവാനും നോക്കാം.

GROWING MORE FOOD SCHEME—INFORMATION REGARDING

77. Mr. M. I. Paul (*Narakkal*): Will Government be pleased to state.—

whether there is at present any scheme before the Government for growing more food in the State, and if so, what?

LIBRARY ARCHIVES Kerala Legislative Assembly

Mr. Parambi Lonappen *(Minister for Revenue):* Yes. The various ways to improve the existing cultivation so as to obtain the maximum yield from lands and to increase the cultivable area by clearing forest areas and by bunding up suitable shallow portions along backwater margins, etc., are being considered and worked out by Government. A committee haa been recently constituted for the purpose.

Mr. M. I. Paul *(Narakkal):* Are the shallow portions along the backwater margin being bunded up now?

Mr. Parambi Lonappen *(Minister for Revenue):* I have no information now. I want notice.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: Bunding up എന്നു പറയുന്നതു് എന്താണെന്നു മനസ്സിലാകുന്നില്ല.

Mr. Parambi Lonappen *(Minister for Revenue):* Bunding up തന്നെ.

മിസ്റ്റർ പി. കെ. ഡീവർ: കമ്മിറ്റിയുടെ നിർദ്ദേശം കിട്ടിക്കഴിഞ്ഞുവോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിന്റെ ഫയൽ കിട്ടിക്കഴിഞ്ഞിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഇതിനുമുമ്പു് ഗ്രാമോദ്ധാരണമന്ത്രിയുണ്ടായിരുന്നകാലത്തു് കായലോരപ്രദേശങ്ങൾ ബണ്ടുചെയ്തു് കൃഷിക്കുപയുക്തമാക്കി ക്ഷേണസാധനങ്ങൾ വളർത്തുവാനായി വല്ല സ്കീമും ഉണ്ടാക്കീട്ടുള്ളതായി ഗവൺമെണ്ടിന്നറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: Grow more food എന്ന ഗവൺമെണ്ടു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കടലാസ്സിൽ "The Japanese occupaation of Burma was complete by January 1942. In March of that year the Diwan convened a conference of the Hon'ble Minister for Rural Development, the Secretary to Covernment and the heads of Departments most directly concerned with the subject. The conference decided on the following measures" running from *(a)* to *(h)* ഇതിൽ പറയുന്നതിൽ വല്ലതും ഗവൺമെണ്ടു ഇതുവരെ ചെയ്തിട്ടുണ്ടോ?

It is worth reading because it is an eye-opener for the sleeping persons.

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെ ഒരു റിപ്പോർട്ട് എടുത്തു് അതിൽ പറയുന്ന സംഗതികൾ ചെയ്തിട്ടുണ്ടോ എന്നു ചോദിച്ചാൽ ഈ ചോദ്യോത്തരസമയത്തു് അതിനൊക്കെ മറുപടി പറയുന്നതിനു വിഷമമാണു്.

Mr. P. Kumaran Ezhuthassan *(Vadakkancheri):* "To deal with lands in private possession suitable for cultivation of food crops but not actually cultivated, a general notice would be issued calling upon all holders of such lands to put such lands to cultivation if it was not essentially required for other purposes. Power would be taken where necessary to compell land-holders to cultivate food crops on all such lands".

ഈ ഇനത്തിൽ വല്ലതും ചെയ്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ആക്ഷൻ എടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: എന്തു് ആക്ഷനാണു് എടുത്തിട്ടുള്ളതു്?

റാവുബഹദൂർ ടി. കെ. നായർ: കൾടിവേഷൻ ചെയ്യാത്ത ചിലർക്കു നോട്ടീസുകൊടുത്തിട്ടുണ്ടു്. കൾടിവേഷൻ ചെയ്യാത്തതിനു് ചിലർക്കു പിഴയിട്ടിട്ടുണ്ടു്. ചിലരെക്കൊണ്ടു് കൃഷിചെയ്യിച്ചിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇതിൽ പറയുന്ന ആ സംഗതി, ഭൂമിയുടമസ്ഥന്മാർ കൃഷിചെയ്യാതെ അവരുടെ ഭൂമികൾ കയ്യൊഴിക്കുന്നില്ലെന്നു വിചാരിക്കരുതെ?

റാവുബഹദൂർ ടി. കെ. നായർ: ഒരു situation-ൽ അതു വളരെ ഉജ്ജ്വിതമായി നടക്കുന്നുണ്ടായിരുന്നു. അതിൽ പറയുന്ന സ്ഥലങ്ങളിൽ അധികവും പറമ്പാണു്. നെൽകൃഷിക്കു പറ്റിയതല്ല. കൊള്ളിയും മറ്റുമാണു് അവിടെ കൃഷിചെയ്യുവാൻ സാധിക്കുക. കൊള്ളികൃഷി വളരെ ഉജ്ജ്വിതമായി മുമ്പു നടന്നിരുന്നു. കുറച്ചുകാലമായി അതിനുമുമ്പിലത്തെപ്പോലെ ഉജ്ജ്വിതം കാണുന്നില്ല. അതൊന്നുകൂടി ഉജ്ജ്വിതപ്പെടുത്തണ്ടതാണെന്നു ഗവൺമെണ്ടിനു് അഭിപ്രായമുണ്ടു്. അതിനു പരിശ്രമിക്കുന്നുമുണ്ടു്.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Advances not exceeding Rs. 15 per acre may be granted to the lessees in cases of absolute necessity to enable them to start immediate cultivation. A sum of Rs. 25,000 was set apart for the purpose. The advance will

LIBRARY ARCHIVES Kerala Legislative Assembly

be re-payable in three annual instalments but in case of default, it was made recoverable in a lump. Arrears of advances and rent were made recoverable as if they were arrears of land Revenue".

ഇങ്ങിനെ എത്രകണ്ട പണം കൊടുത്തിട്ടുണ്ട്?

റാവുസാഹിബ് എ. മാധവപ്രഭു: ശരിക്കു പറയണമെങ്കിൽ നോട്ടീസുവേണം. ഏ 0,0 0 0 കു. യിൽ കൂടുതൽ കൊടുത്തിട്ടുണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ: വേണ്ട സമയത്തു് ചിറകളിട്ടും വെള്ളം അധികമാകുമ്പോൾ ചിറകളും പൊട്ടിച്ചുവിട്ടും ഉപ്പുവെള്ളം കയറാതെ സൂക്ഷിച്ചും ഇവിടെ ഇപ്പോഴുള്ള കൃഷിചെയ്യുവാൻ വല്ല പദ്ധതിയും ഗവണ്മെണ്ടു് ഉണ്ടാക്കീട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: മൈനർ ഇറിഗേഷനിലെ പ്രധാന ഭാഗം അതാണു്. അതൊക്കെ ചെയ്തിട്ടുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇതിൽ പറയുന്ന കമ്മിറ്റി എന്നാണു് നിയമിച്ചതെന്നു പറയാമോ?

റാവുബഹദൂർ ടി. കെ. നായർ: നോട്ടീസുവേണം.

മിസ്റ്റർ പി. മാണി: കൊള്ളികൃഷി കുറച്ചുകാലമായി കുറവാണു് എന്നു പ്രധാനമന്ത്രി പറഞ്ഞു. അതിനു കാരണമെന്താണു്?

റാവുബഹദൂർ ടി. കെ. നായർ: ഒന്നുകിൽ ഇപ്പോൾ ധാരാളം ഇല്ലാതായിരിക്കണം; അല്ലെങ്കിൽ ഭക്ഷണക്ഷാമം ഉണ്ടായിരുന്നില്ല എന്നു കണക്കാക്കണം. ഏ 0 oz-ം ഏ 0 oz-ം അരി കിട്ടിയിരുന്ന അവസരത്തിൽ ഇതിലേക്കു വലിയ പ്രോത്സാഹനം ഉണ്ടായിരുന്നില്ല. ഇപ്പോൾ അരി കുറഞ്ഞിരിക്കുന്ന സ്ഥിതിക്കു് വീണ്ടും അതു വർദ്ധിപ്പിക്കേണ്ടതാണു്. അതു് ഗവണ്മെണ്ടു് പരിശ്രമിച്ചില്ലെങ്കിലും ജനങ്ങൾ ചെയ്യാതിരിക്കുകയില്ല.

മിസ്റ്റർ എം. ഐ. പോൾ: വെള്ളം കുറവുള്ള സ്ഥലങ്ങളിൽ bunding up ചെയ്യണമെന്നു പറയുന്നു. അതിനു ഗവണ്മെണ്ടിനു വല്ല സ്കീമുമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: പഞ്ചായത്തുഡിപ്പാർട്ടുമെണ്ടിൽനിന്നു ഈമാതിരി മൈനർ ഇറിഗേഷൻ പദ്ധതികളെല്ലാം ചെയ്യുന്നുണ്ടു്. പ്രത്യേകിച്ചു് കൊച്ചിരാജ്യത്തേക്കൊട്ടാകെ ഒരു സ്കീം ഉള്ളതായിട്ടു് എനിക്കറിവില്ല.

മിസ്റ്റർ എം. ഐ. പോൾ: പലയിടത്തും bunding up ചെയ്യുവാനുണ്ടു്. അതൊക്കെ bunding up ചെയ്യുകുടെ?

റാവുബഹദൂർ ടി. കെ. നായർ: ചെയ്യുന്നുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഇപ്പോഴത്തെ പ്രധാനമന്ത്രി ഗ്രാമോദ്ധാരണമന്ത്രിയായിരുന്ന കാലത്തു് ഒരു പ്രത്യേക ഓവർസീയറെവെച്ചു് കായലോരപ്രദേശങ്ങളും കൃഷിക്കുപയുക്തമായവിധം ബണ്ടുചെയ്യുവാൻ ഒരു സ്കീമുണ്ടാക്കീട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഉവ്വു്.

മിസ്റ്റർ പി. കെ. ഡീവർ: അതെല്ലാം നടപ്പിലായോ?

റാവുബഹദൂർ ടി. കെ. നായർ: അതു് നടപ്പാക്കുവാൻ സാദ്ധ്യമല്ലാത്ത സ്ഥിതി വന്നുകൂടി. ഉദാഹരണത്തിനു് കുമ്പളങ്ങിയിൽ സുമാർ ആയിരത്തോളം ഏക്കർ സ്ഥലം bunding up ചെയ്താൽ കൃഷിക്കുപയോഗിക്കാമെന്നു റിപ്പോർട്ടുണ്ടായിരുന്നു. അതു ശരിയാക്കണമെന്നുണ്ടെങ്കിൽ ഡ്രൈഡ്ജർവേണം. അതിനു ഉത്സാഹംചെയ്തു് ഒരു ഡ്രഡ്ജർ ബോമ്പെയിൽനിന്നു വാങ്ങി. അതു് അടുത്ത അവസരത്തിൽ ഇവിടെ എത്തും. അതു് എത്തിക്കഴിഞ്ഞാൽ കായലോരത്തുള്ള സ്ഥലങ്ങളെല്ലാം തുരത്തെടുക്കുന്നതിനു സൌകര്യമുണ്ടു്. അന്നു മാത്രമേ അതു നടപ്പിൽവരുത്തുവാൻ സാധിക്കയുള്ളു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: As to obtain maximum yield from the land. ഇതിനു ആവശ്യമുള്ള പണം ചിലവാക്കി കൊച്ചീരാജ്യത്തുള്ള ജലാശയങ്ങളെ യഥാർത്ഥ ജലാശയങ്ങളാക്കിത്തീർത്തു് ജലക്ഷാമത്തിൽനിന്നു് വിളവിനെ രക്ഷിക്കുവാൻ ശ്രമിക്കുമോ?

റാവുബഹദൂർ ടി. കെ. നായർ: വളരെ അധികം പരിശ്രമിച്ചിട്ടുണ്ടു്. ജലക്ഷാമമുള്ളിടത്തു് വളരെ വേഗം നടത്തേണ്ടതാണെന്നു ഈ അവസരത്തിൽ ഏതു കൂടുതൽ ഗവണ്മെ

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur T. K. Nayar]

ണ്ടിന്നും ബോദ്ധ്യമാണ്. അതുകൊണ്ട് അതർഹിക്കുന്ന ഗൌരവത്തോടുകൂടി വേഗം ചെയ്യുന്നതാണ്.

മിസ്റ്റർ പി. കെ. ഡീവർ: തേവരയിൽ, ഡ്രെഡ്ജർവരാതെതന്നെ, വളരെ അധികസ്ഥലം ബണ്ടുചെയ്യുവാൻ സൌകര്യമുണ്ട്. അതു നോക്കാമോ?

റാവുബഹദൂർ ടി. കെ. നായർ: അവിടെ ഇറക്കുസമയത്തു് കുറെ സ്ഥലമുള്ളതായി കണ്ടിട്ടുണ്ട്. വളരെ കൂടുതൽ സ്ഥലം ഒന്നിച്ചു് ബണ്ടുചെയ്യുവാൻ സൌകര്യമുണ്ടെങ്കിൽ അതു ബണ്ടുചെയ്യുവാൻ നോക്കാം. ഈ പറഞ്ഞതു് നോട്ടുചെയ്തു് അതിനെപ്പറ്റി ഉടനെ അന്വേഷിക്കാം.

മിസ്റ്റർ പി. നാരായണമേനോൻ: ചിറ വേണ്ടസമയത്തു് കെട്ടാത്തതുകൊണ്ടു് കൊച്ചി കണയന്നൂർ താലൂക്കിൽ മാക്സിമം ലോസ്സുണ്ടായിട്ടുള്ളതായി ഗവൺമെണ്ടിന്നു വല്ല ഹർജിയും കിട്ടിയിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ചില സ്ഥലങ്ങളിൽ ലോസ്സു് വന്നിട്ടുണ്ടെന്നു ഗവൺമെണ്ടിന്നു അറിവുകിട്ടിയിട്ടുണ്ട്.

മിസ്റ്റർ എം. ഐ. പോൾ: bunding up ചെയ്യുവാനുള്ള സൌകര്യം ഏതുകാലത്തു വരും?

റാവുബഹദൂർ ടി. കെ. നായർ: അതു സ്കീമിന്റെ നില അനുസരിച്ചിരിക്കും.

മിസ്റ്റർ ജോസ് കെ. വട്ടിസ്: ഒരു കമ്മിറ്റിയുണ്ടെന്നു പറഞ്ഞു. അതിൽ കൊച്ചിക്കാരായ കൃഷിക്കാർ എത്ര പേർ ഉണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: കമ്മിറ്റിയിലെ മെമ്പർമാരുടെ മുഴുവൻപേരും പറയണമെന്നുണ്ടെങ്കിൽ നാളെ പറയാം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: കമ്മിറ്റി ചെയ്ത നിർദ്ദേശങ്ങളും അനുസരിച്ചു് എന്തെങ്കിലും ഗവൺമെണ്ടു ചെയ്യുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസുവേണം.

FAIR PRICE SHOP—PANANGAT—ENTRUSTING WITH CO-OPERATIVE SOCIETY—INFORMATION RRGARDING

78. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) കൊച്ചികണയന്നൂർ താലൂക്കു് കുമ്പളം വില്ലേജിലുള്ള പനങ്ങാടു് ന്യായവിലക്കാപ്പു് ഏതു പരസ്പരസഹായസംഘത്തെയാണു് ഗവൺമെണ്ടു് ഏല്പിച്ചിട്ടുള്ളു;

(ബി.) ഈ കാപ്പു് തങ്ങളെ ഏല്പിച്ചാൽ കൊള്ളാമെന്നു് മറെറ വല്ല സംഘങ്ങളും ഗവൺമെണ്ടിനോടു് അഭ്യർത്ഥിച്ചിരുന്നുവോ;

(സി) ഉണ്ടെങ്കിൽ ആ സംഘങ്ങളും ഏതെല്ലാം;

(ഡി) അവയെ എല്ലിക്കാതിരിപ്പാനുണ്ടായ കാരണങ്ങളും എന്തെല്ലാം?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) വിഭവവ്യവസായ പരസ്പരസഹായസംഘം നമ്പർ ൩ ൪ ൪.

(ബി) ഉവ്വു്.

(സി) പനങ്ങാടു് മർച്ചിപർച്ചസ്സു് കോപ്പറേറീവു് സൊസൈറി നമ്പർ ൩ ൫ ൪.

(ഡി) വിഭവവ്യവസായ കോപ്പറേറീവു് സൊസൈറിയാണു് കൂടുതൽ പ്രാപ്തിയുള്ളതും യോജിച്ചതും എന്നു കണ്ടതുകൊണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ൩ ൫ ൪-ാംനമ്പ്രു് സൊസൈറി എന്നാണു് റജിസ്റ്റർ ചെയ്തതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടിസ്സു വേണം.

മിസ്റ്റർ പി. നാരായണമേനോൻ: ഈ സൊസൈറിയെ ന്യായവിലക്കാപ്പു് ഏല്പിച്ചതു് എന്നാണു്?

Mr. K. Balakrishna Menon *(Minister for Food and Education)*: With your leave, Sir, the Hon'ble Member wants to get at the crux of the whole matter.

I might for his information submit that there was complaint by a large number of organisations from that particular place that this should not be handed over to this society on

LIBRARY ARCHIVES Kerala Legislative Assembly